**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5484** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ യൂണിയനുകളും ജീവനക്കാരും ചേർന്ന് നിരുത്സാഹപ്പെടുത്തുന്നതായി കരുതുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ അംഗീകൃത യൂണിയനുകളുമായി ചർച്ച ചെയ്യുകയും, യൂണിയനുകളെയും ജീവനക്കാരെയും വിശ്വാസത്തിലെടുത്തുമാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | അതുകൊണ്ടാണോ കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും, ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യ വിതരണം നൽകി വരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവെച്ച ഫണ്ടിൽ നിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടിവരുന്നുണ്ട്. ഇക്കാരണങ്ങളാലാണ് വിരമിച്ചവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ